"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- അഗീകൃത മട്ടന്നൂർ മാസ്റ്റർ പ്ലാനിന് ഭാഗിക വ്യതിയാനം വരുത്തുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ആർ.ഡി)വകുപ്പ്

സ.ഉ.(കൈ) നം.172/2025/LSGD തീയതി,തിരുവനന്തപുരം, 30-09-2025

പരാമർശം:-

1. G.O(Ms) No.46/2018/LSGD, തീയതി 20/04/2018.
2. ബഹു.ഹൈക്കോടതി, WP(c) 13293/2019, 26280/2022 കേസ്സുകളിൽ 28.01.2025 തീയതിയിൽ പുറപ്പെടുവി ച്ചിട്ടുള്ള സംയുക്ത വിധി ന്യായം.
3. മട്ടന്നൂർ നഗരസഭാ ഭരണസമിതിയുടെ 16.10.24 ൽ നടന്ന സാധാരണ യോഗത്തിലെ 6/1 നമ്പർ തീരുമാനം, 11.12.24 ൽ നടന്ന സാധാരണ യോഗത്തിലെ 1/1 നമ്പർ തീരുമാനം.
4. മട്ടന്നൂർ നഗരസഭാ സെക്രട്ടറിയുടെ 19.ം2.2025 ലെ E2/ 2560846/2024 നമ്പർ കത്ത്.
5. ചീഫ് ടൗൺ പ്ലാനറുടെ 16/06/2025 ലെ LSGD/PD/9768/2025-TCPB4 നമ്പർ കത്ത്.

ഉത്തരവ്

മട്ടന്നൂർ മാസ്റ്റർ പ്ലാനിന് പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിരുന്നു. ബഹു.ഹൈക്കോടതിയുടെ പരാമർശം (2) സംയുക്ത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, മട്ടന്നൂർ മാസ്റ്റർ പ്ലാൻ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 50(3) പ്രകാരം വ്യതിയാനം വരുത്തുന്നതിന് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും, നിലവിലുള്ള മാസ്റ്റർ പ്ലാനിന്റെ നിബന്ധനകളിൽ വ്യതിയാനം വരുത്തേണ്ട ലിസ്റ്റ് സർക്കാരിലേക്ക് അയക്കുന്നതിനും പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ആയത് മട്ടന്നൂർ നഗരസഭാ സെക്രട്ടറി പരാമർശം (4) പ്രകാരം ഉചിത മാർഗ്ഗേന സമർപ്പിക്കുകയുമുണ്ടായി.

2. കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 50(2) പ്രകാരം അഗീകൃത മട്ടന്നൂർ മാസ്റ്റർ പ്ലാനിന് ഭാഗിക വ്യതിയാനം വരുത്തുന്നതിന് മട്ടന്നൂർ നഗരസഭയ്ക്ക് അനുമതി നൽകുന്നതിനും കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിൻ്റെ രൂപീകരണവും അനുമതി

നൽകലും) ചട്ടങ്ങൾ, 2021 ചട്ടം 24 പ്രകാരം മാസ്റ്റർ പ്ലാൻ അവലോകന കമ്മിറ്റി എന്ന പേരിൽ സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് കൊണ്ട് അംഗീകൃത മാസ്റ്റർ പ്ലാൻ റിവൃ ചെയ്ത്, സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ അംഗീകാരത്തോടെയുള്ള കരട് വ്യതിയാനം കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(3) പ്രകാരമുള്ള പ്രസിദ്ധീകരണ അനുമതിക്കായി സമർപ്പിക്കാൻ മട്ടന്നൂർ നഗരസഭയ്ക്ക് നിർദേശം നൽകുവാനും ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 50 (2) പ്രകാരം അഗീകൃത മട്ടന്നൂർ മാസ്റ്റർ പ്ലാനിന് ഭാഗിക വ്യതിയാനം വരുത്തുന്നതിന് മട്ടന്നൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു. അപ്രകാരം, കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021 ചട്ടം 24 പ്രകാരം മാസ്റ്റർ പ്ലാൻ അവലോകന കമ്മിറ്റി എന്ന പേരിൽ സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് കൊണ്ട് അംഗീകൃത മാസ്റ്റർ പ്ലാൻ റിവൃ ചെയ്ത്, സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ അംഗീകാരത്തോടെയുള്ള കരട് വ്യതിയാനം കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(3) പ്രകാരമുള്ള പ്രസിദ്ധീകരണ അനുമതിക്കായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ(എൽ.എസ്.ജി.ഡി), തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം.

സെക്രട്ടറി, മട്ടന്നൂർ നഗരസഭ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 04-10-2025 10:43:57